**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 56** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ധവള പത്രം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കിക്കൊണ്ട് നിയമസഭയിൽ സമർപ്പിച്ച ധവളപത്രത്തിലെ പ്രധാന കണ്ടെത്തലുകളും സാമ്പത്തിക നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ (പി.എസ്.ഇ ) പുനരുദ്ധരിക്കുന്നതിനായി ധവളപത്രം മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കിക്കൊണ്ട് നിയമസഭയിൽ സമർപ്പിച്ച ധവളപത്രത്തിന്റെ അദ്ധ്യായം 5 അടിസ്ഥാനപ്പെടുത്തി പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് താഴെ പറയുന്ന കണ്ടെത്തലുകളും, പുനരുദ്ധാരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുന്നുണ്ട്.

1. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി സർക്കാർ വലിയ നിക്ഷേപങ്ങളാണ് നടത്തിയിട്ടുള്ളത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മോശം സാമ്പത്തിക പ്രകടനവും, അവർ സർക്കാരിൽ നിന്ന് എടുത്ത വായ്പകളും അതിന്റെ പലിശയും, തിരിച്ചടയ്ക്കുന്നതിലെ വീഴ്ചയും ഒരു തരത്തിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ബാധിച്ചു.
2. പൊതുമേഖലാ സ്ഥാപനങ്ങളുടെ മോശം സാമ്പത്തിക പ്രകടനം കാരണം, ലാഭവിഹിതമായും ലാഭമായും സംസ്ഥാനത്തിന് ലഭിച്ചു വരുന്ന വരുമാനം നിസാരമാണ്.
3. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനത്തെ കുറിച്ചുള്ള വിശകലനത്തിൽ മൊത്തം നഷ്ടത്തിന്റെ സിംഹഭാഗവും KSEBL, KSRTC, KWA, എന്നീ മൂന്ന് പബ്ലിക്ക് യൂട്ടിലിറ്റി സ്ഥാപനങ്ങളാണ്.
4. 2015-16 മുതൽ പത്ത് വർഷകാലത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രകടനം വിലയിരുത്തുമ്പോൾ ഭൂരിഭാഗം കമ്പനികളും, നിയമാനുസൃത കോർപ്പറേഷനുകളും തുടർച്ചയായ വർഷങ്ങളിൽ സംയുക്ത നഷ്ടമാണ് വരുത്തിയിരിക്കുന്നത്.
5. സംസ്ഥാനത്തിന്റെ സമ്പത്ത്വ്യവസ്ഥയുടെ വളർച്ചയ്ക്ക് കൂടുതൽ ഫലപ്രദമായി സംഭാവന നൽകാൻ പൊതുമേഖല സ്ഥാപനങ്ങളെ പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.
6. തന്ത്രപ്രധാനമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ സാമ്പത്തികമായി ലാഭകരമല്ല എന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അവയെ ഓഹരി വിറ്റഴിക്കലിനോ, സ്വകാര്യ വത്ക്കരണത്തിനോ അല്ലെങ്കിൽ അടച്ചു പൂട്ടുന്നതിനോ പരിഗണിക്കാവുന്നതാണ്.
7. പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിൽ യാതൊരുവിധ കാലതാമസവും ഉണ്ടാകാതിരിക്കണം.

**(ബി)** പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം വലിയ തോതിൽ വർദ്ധിച്ചതായി ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ, സാമ്പത്തികമായി നിലനിൽപ്പില്ലാത്ത 'നോൺ-സ്ട്രാറ്റജിക്' സ്ഥാപനങ്ങളിൽ ഡിസ് ഇൻവെസ്റ്റ്മെന്റ്, ലയനം, പുനഃക്രമീകരണം തുടങ്ങിയ നടപടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ഈ കാര്യങ്ങൾ സർക്കാർ വിശദമായി പഠിച്ചതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(സി)** കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ പൊതുജനസേവനസ്ഥാപനങ്ങൾ ഖജനാവിന് ബാധ്യതയാകാത്ത രീതിയിൽ അവയെ സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടി എന്തൊക്കെ അടിയന്തര പരിഷ്കരണങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ കാര്യങ്ങൾ സർക്കാർ വിശദമായി പഠിച്ചതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(ഡി)** പ്രസ്തുത സ്ഥാപനങ്ങളുടെ പരിഷ്കരണ വേളയിൽ അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ സുരക്ഷയും ജീവനക്കാരുടെ ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിന് സർക്കാർ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**<u>മറുപടി:</u>** ഈ കാര്യങ്ങൾ സർക്കാർ വിശദമായി പഠിച്ചതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**